# *ജ്ഞാനക്കണ്ണ്*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

**എടോ നടക്ക്**
**തലവടുരേഖകൾ**
**കൂട്ടി വായിക്കൂ—**
**അതിന്നായ്**
**തലവടിക്കത്തിക്കു**
**ചാണചക്രക്കല്ലു തീർക്കൂ:**
**നീ വെറും ശിശു,**
**നിന്നെ ഭരിക്കുന്നു ഞാൻ;**
**ഏകദൈവം ഞാൻ**
**ത്രിലോകജ്ഞാനി ഞാൻ;**
**വിവരസങ്കേത കാവൽഭടൻ—**
**വിവരം മുമ്പേയറിഞ്ഞു**
**മുൻകൂർ പരസ്യമാക്കി**
**ഞെട്ടലിൻ മൊട്ടുതിർക്കും**
**പ്രവാചകൻ;**
**പറക്കമുറ്റാപ്പറവയാം**
**വ്യോമയാനത്തുമ്പിപ്പടയെ**
**ചിറകരിഞ്ഞുവീഴ്ത്തും**
**ശാക്തിക രശ്മീസ്രോതസ്സ്;**
**ഭൗമോർജ്ജം നിയന്ത്രിക്കും**
**പരിവ്രാജകൻ;**
**കാലാളിനു കൂലി കൊടുക്കും**
**പ്രത്യുപകാരി;**
**രാജനെ പുനഃസൃഷ്ടിക്കും**
**രാജരാജൻ.**
**വീണ്ടു,മതിനാൽ**
**ടെലിഫോണും തപാലും**
**എന്തിനേറെ ഈയീമെയിലും**
**നിനക്കു മുന്നേയറിഞ്ഞ്**
**പുരാവൃത്ത “സ്പാം”സദ്യ**

**“ഫേസ്ബുക്ക് വോളി”ൽ**
**ചട്ടമ്പിമാടമ്പിയായ്**
**തന്നിഷ്ടമിടിച്ചുകേറ്റി**
**നിന്നെ നിയന്ത്രിക്കും**
**രാജാധിരാജനെ വണങ്ങുക!**
**************************************